(ഡി) കണ്ണൂർ വിമാനത്താവളത്തിന്റെ ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 17-12-2010-ന് കണ്ണൂർ വിമാനത്താവള പദ്ധതിയുടെ ശിലാസ്ഥാപനം നടത്തി.

തിരുവനന്തപുരം-കാസർഗോഡ് ജലപാത നിർമ്മാണത്തിന്റെ പുരോഗതി

63 (119) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാത നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) ഈ ജലപാതയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) ഈ പ്രവൃത്തിയുടെ ഭാഗമായി കണ്ണൂരിലെ സുൽത്താൻതോട് ഗതാഗത യോഗ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഇതിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം ഭാഗത്ത് നടയറ കായൽ മുതൽ ഇരവിപുരം കായൽ വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കി. ഈ ഭാഗത്ത് ഏതാനും ബോട്ടുജെട്ടികളും നിർമ്മിച്ചു. 3 പാലങ്ങളുടെ പുനർ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ദേശീയ ജലപാത-III കടന്നുപോകുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഫീഡർ കനാലുകളുടെ നിർമ്മാണവും നടപ്പിലാക്കി.

തൃശ്ശൂർ ജില്ലയിൽ കോട്ടപ്പുറം മുതൽ പൂവത്തിൻ കടവ് വരെയുള്ള ഭാഗത്തിന്റെ പണികൾ ഏറെക്കുറെ പൂർത്തിയാക്കി. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ-കല്ലായി കനാലിന്റെ ഒരു ഭാഗം നിർമ്മാണം ഏറ്റെടുത്തു നടത്തി. കണ്ണൂർ- കാസർഗോഡ് ഭാഗത്ത് 42 കി.മീ. ഭാഗത്ത് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

(സി) സുൽത്താൻ തോടിന്റെ ആഴംകൂട്ടൽ നടപ്പിലാക്കി.

(ഡി) വടകര മുതൽ ഈ പാതയിൽ 4 ഭാഗത്ത് കനാലുകൾ പുതിയതായി നിർമ്മിക്കണം. ഇവിടെ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിനുശേഷമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ 101 കോടി രൂപ ചെലവായിട്ടുണ്ട്.

ദേശീയ ജലപാതയുടെ നിർമ്മാണം

64 (120) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ജലപാത വികസിപ്പിക്കുന്നതിന് ധനകാര്യ കമ്മീഷൻ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(സി) കൊല്ലം-കോട്ടപ്പുറം ജലപാതയിലൂടെയുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കൊല്ലത്തു നിന്നും കോവളത്തേക്കുള്ള ജലപാത വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ ജലപാതയ്ക്കുവേണ്ടി ഊന്നിക്കുറ്റികൾ നീക്കം ചെയ്തതിന്റെ നഷ്ടപരിഹാരം

65 (121) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയ്ക്കുവേണ്ടി അരൂർ, ചേർത്തല നിയോജക മണ്ഡലങ്ങളുടെ പരിധിയിൽ എത്ര ഊന്നിക്കുറ്റികളാണ് നീക്കം ചെയ്തത് ;

(ബി) ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി ; ഇനിയെത്ര പേർക്ക് നൽകാനുണ്ട് ; എന്നത്തേക്ക് തുക വിതരണം പൂർത്തിയാവും ;

(സി) നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly